# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 01.08.2025**

### പ്രധാനവാർത്തകൾ

1) പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളം ; ലോക്സഭ രണ്ട് മണിവരെ നിർത്തിവച്ചു. രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.

2) പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വാരണസി സന്ദർശിക്കും ; 2,200 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിയ്ക്കും.

3) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 1,610 കോടി രൂപകൂടി അനുവദിച്ചതായി ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ.

4) കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പുതുക്കിയ മെനു അനുസരിച്ചുള്ള ഉച്ചഭക്ഷണം ഇന്ന് മുതൽ പ്രാബല്യത്തിൽ.

5) മുലയൂട്ടലിന് മുൻഗണന നൽകാൻ ആഹ്വാനവുമായി ലോക മുലയൂട്ടൽ വാരാചരണത്തിന് ഇന്ന് തുടക്കം.

6) ഓവൽ ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയുടെ ഒന്നാം ഇന്നിങ്സ് ബാറ്റിംഗ് ഇന്ന് പുനരാരംഭിക്കും.

*************************************************

RNU TVPM

## പാർലമെൻറ്

പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിൻറെ ഇരുസഭകളിലും ഇന്നും നടപടിക്രമങ്ങൾ തടസ്സപ്പെട്ടു. ലോക്സഭയിൽ നടപടികൾ രണ്ട് മണി വരെ നിർത്തിവച്ചു. രാവിലെ 11 മണിക്ക് സഭ സമ്മേളിച്ചപ്പോൾ തന്നെ പ്രതിപക്ഷം വിവിധ വിഷയങ്ങൾ ഉന്നയിച്ച് ബഹളം ആരംഭിച്ചു. ചോദ്യോത്തര വേള തടസപ്പെടുത്തരുതെന്ന് സ്പീക്കർ ഓം ബിർള ആവശ്യപ്പെട്ടെങ്കിലും പ്രതിപക്ഷം ബഹളം തുടരുകയായിരുന്നു. രാജ്യസഭയിലും സമാനമായ രംഗങ്ങളാണ് അരങ്ങേറിയത്. രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.

************************************

## പ്രധാനമന്ത്രി -വാരണസി

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വാരണസി സന്ദർശിക്കും. 2200 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തറക്കല്ലിടും. പിഎം-കിസാൻ പദ്ധതിയുടെ 20-ാം ഗഡുവായി 9.7 കോടിയിലധികം കർഷകർക്ക് 20,500 കോടിയിലധികം രൂപ പ്രധാനമന്ത്രി കൈമാറും. ഇതോടെ, പദ്ധതിയുടെ വിതരണം 3.90 ലക്ഷം കോടി രൂപ പിന്നിടും.

************************************

## മന്ത്രി കെ എൻ ബാലഗോപാൽ

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 1610 കോടി രൂപകൂടി അനുവദിച്ചതായി ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ. ഈ സാമ്പത്തിക വർഷത്തെ മെയിന്റനൻസ് ഫണ്ടിൻറെ രണ്ടാം ഗഡുവായി 1,396 കോടി രൂപയും, ജനറൽ പർപ്പസ് ഫണ്ടിൻറെ അഞ്ചാം ഗഡു 214 കോടി രൂപയുമാണ് അനുവദിച്ചത്. ഈ സാമ്പത്തിക വർഷം

RNUTVPM

ഇതിനകം 6422 കോടി രുപയാണ് തദ്ദേശ സ്ഥാപനങ്ങൾക്കായി സർക്കാർ അനുവദിച്ചതെന്നും അദ്ദേഹം പറഞ്ഞു.

*********************************************

## സ്കൂൾ മെനു.. (ഇൻട്രോ)

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പുതുക്കിയ മെനു അനുസരിച്ചുള്ള ഉച്ചഭക്ഷണം ഇന്ന് മുതൽ പ്രാബല്യത്തിൽ. വിദ്യാഭ്യാസ വകുപ്പ് നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് അനുസരിച്ചാണ് സ്കൂളുകളിലെ പുതിയ ഉച്ചഭക്ഷണ മെനു തയ്യാറാക്കിയിരിക്കുന്നത്. മന്ത്രി വി ശിവൻകുട്ടി തിരുവനന്തപുരം കോട്ടൺഹിൽ എൽ പി എസ്സിലെ ഭക്ഷണശാല സന്ദർശിച്ചു. **വിശദാംശങ്ങളിലേക്ക്......**

(വോയ്സ്)

നിലവിൽ നൽകുന്ന ചോറിനു പുറമെ മുട്ട ഫ്രൈഡ് റൈസ്, ലമൺ റൈസ്, വെജ് ബിരിയാണി,വിവിധയിനം പായസങ്ങൾ തുടങ്ങിയവ പരിഷ്കരിച്ച ഉച്ചഭക്ഷണ മെനുവിൽ ഉണ്ട്. ആഴ്ചയിൽ ഒരു ദിവസമാണ് ഫോർട്ടിഫൈഡ് അരി വച്ചുള്ള വിഭവങ്ങൾ നൽകുന്നത്. ഒന്നോ രണ്ടോ ദിവസങ്ങളിൽ പച്ചക്കറിയ്ക്ക് പകരമായി മൈക്രോ ഗ്രീൻസും മെനുവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റാഗി ഉപയോഗിച്ചുള്ള കൊഴുക്കട്ട , ഇലയട, അവിൽ തുടങ്ങിയ വിവിധ വിഭവങ്ങളും മെനുവിന്റെ ഭാഗമാണ്. സ്കൂൾ ഉച്ച ഭക്ഷണ പദ്ധതി പ്രകാരം പ്രീ പ്രൈമറി, പ്രൈമറി അപ്പർ പ്രൈമറി കുട്ടികൾക്ക് 6.78 രൂപ 10.17 രൂപ എന്ന നിരക്കിൽ ആണ് തുക നിശ്ചയിച്ചിരിക്കുന്നത്. ചെറു ധാന്യ വിഭവങ്ങൾ നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, പി റ്റി എ പൊതു സമൂഹം എന്നിവരുടെ സഹായം തേടാമെന്നും വിദ്യാഭ്യാസ വകുപ്പ് നിർദേശം നൽകിയിട്ടുണ്ട്. **ന്യൂസ് ഡെസ്ക് ആകാശവാണി...**

RNU TVPM

*******************************************

## റേഷൻ വിതരണം

സംസ്ഥാനത്ത് ഈ മാസത്തെ റേഷൻ വിതരണം നാളെ മുതൽ ആരംഭിക്കും. ഇന്ന് റേഷൻകടകൾക്ക് അവധിയായിരിക്കും.

*******************************************

## കേരള ഫിലിം പോളിസി കോൺക്ലേവ്

കേരള ഫിലിം പോളിസി കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കും. ചലചിത്ര താരങ്ങളായ മോഹൻലാൽ, സുഹാസിനി, സംവിധായകൻ മണിരത്നം എന്നിവർ മുഖ്യാതിഥികളാകും. കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി, മന്ത്രിമാരായ വി. ശിവൻകുട്ടി, ജി. ആർ. അനിൽ, കെ. ബി. ഗണേഷ് കുമാർ, വീണാ ജോർജ്, സ്പീക്കർ എ. എൻ. ഷംസീർ, പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ, തുടങ്ങിയവർ പങ്കെടുക്കും. രണ്ട് ദിവസത്തെ കോൺക്ലേവിൽ സിനിമാ മേഖലയുമായി ബന്ധപ്പെട്ട ഒൻപതോളം വിഷയങ്ങളിൽ ചർച്ച ചെയ്യും.

RNU TVPM

*******************************************

## ഡീലിമിറ്റേഷൻ ഹീയറിംഗ്

സംസ്ഥാനത്തെ 14 ജില്ലാപഞ്ചായത്തുകളിലെ കരട് വാർഡ് വിഭജന നിർദ്ദേശങ്ങൾ സംബന്ധിച്ച പരാതികളിൻമേൽ ഡീലിമിറ്റേഷൻ കമ്മീഷൻ ഹീയറിംഗ് പൂർത്തിയായി. 14 ജില്ലകളിലായി ആകെ 147 പരാതികളാണ് ലഭിച്ചിരുന്നത്. ജില്ലാപഞ്ചായത്ത് കരട് വാർഡ് വിഭജനനിർദ്ദേശങ്ങൾ ജൂലൈ 21 ന് പ്രസിദ്ധീകരിച്ചിരുന്നു. ജില്ലാപഞ്ചായത്ത് വാർഡുകളുടെ അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതോടെ ഡീലിമിറ്റേഷൻ

പ്രക്രിയ പൂർത്തിയാകും. 14 ജില്ലാപഞ്ചായത്തുകളിലായി നിലവിലുണ്ടായിരുന്ന 331 വാർഡുകൾ 346 ആയി വർദ്ധിക്കും.

*********************************

## രാജീവ് ചന്ദ്രശേഖർ

അറസ്റ്റിലായ കന്യാസ്ത്രീകൾക്ക് ജാമ്യം നൽകുന്നതിനെ ഛത്തീസ്ഗഡ് സർക്കാരും പോലീസും എതിർക്കില്ലെന്ന് പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയും ഉറപ്പുനൽകിയിട്ടുണ്ടെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. തൃശ്ശൂർ അതിരൂപതാ ആസ്ഥാനത്ത് സിബിസിഐ അധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തിനെ സന്ദർശിച്ചശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്ത് ക്രൈസ്തവർക്ക് മതിയായ സംരക്ഷണം ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടതായി മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു.

*********************************

## ലോക മുലയൂട്ടൽ വാരാചരണം (ഇൻട്രോ)

ലോക മുലയൂട്ടൽ വാരാചരണത്തിന് ഇന്ന് തുടക്കം. **"മുലയൂട്ടലിന് മുൻഗണന നൽകുക: സുസ്ഥിര പിന്തുണാ സംവിധാനങ്ങൾ സൃഷ്ടിക്കുക"** എന്നതാണ് ഈ വർഷത്തെ പ്രമേയം. കുഞ്ഞിന്റെ ശാരീരികവും മാനസികവുമായ വളർച്ചക്ക് വേണ്ടുന്ന എല്ലാ ഘടകങ്ങളും മുലപ്പാലിലുണ്ടെന്നും ആറ് മാസം പൂർത്തിയാകും വരെ മുലപ്പാൽ മാത്രമേ കുഞ്ഞിന് നൽകാവൂ എന്നും ശിശു രോഗ വിദഗ്ധയും ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് തിരുവനന്തപുരം ട്രഷററുമായ ഡോക്ടർ കാർത്തിക ഗോപൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയ്സ് .... )

RNU TVPM

***********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

(ബ്രേക്ക്)

***********************************

## വി.സി - ഗവർണർ

സിസ തോമസിനെ ഡിജിറ്റൽ സർവ്വകലാശാല വൈസ് ചാൻസലറായും കെ ശിവപ്രസാദിനെ സാങ്കേതിക സർവ്വകലാശാലാ വൈസ് ചാൻസലറായും വീണ്ടും നിയമിച്ച് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ഇത് സംബന്ധിച്ച വിജ്ഞാപനം രാജ് ഭവൻ പുറത്തിറക്കി. ആറ് മാസമാണ് താത്കാലിക വി സി മാരുടെ കാലാവധി.

PNU TVPM

***********************************

## ശാസ്ത്രീയ പരിശീലനം-പാമ്പ്.. (ഇൻട്രോ)

സ്കൂളുകളിലെ പാമ്പ് കടിയേറ്റുള്ള അപകടങ്ങൾ ഒഴിവാക്കാൻ ലക്ഷ്യമിട്ട് അധ്യാപകർക്ക് പാമ്പ് പിടിത്തത്തിൽ ശാസ്ത്രീയ പരിശീലനം നല്കാൻ ഒരുങ്ങി വനം വകുപ്പ്. സംസ്ഥാനത്ത് ആദ്യമായാണ് ഇത്തരം ഒരു പദ്ധതി നടപ്പാക്കുന്നത്. പാലക്കാട് ജില്ലയിൽ ഈ മാസം 11ന് പരിശീലനത്തിന് തുടക്കം കുറിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.......**

(വോയ്സ്)

***********************************

## വി എസ് അച്യുതാനന്ദൻ അനുശോചനം

സിപിഐ എം നേതാവും മുൻ മുഖ്യമന്ത്രിയുമായ വി എസ് അച്യുതാനന്ദൻറെ വേർപാടിൽ അനുശോചിച്ച് സിപിഐ എം സംസ്ഥാന കമ്മിറ്റി ഇന്ന് അനുശോചന സമ്മേളനം സംഘടിപ്പിക്കും. തിരുവനന്തപുരം കനകക്കുന്നിൽ സംഘടിപ്പിച്ചിരിക്കുന്ന പരിപാടിയിൽ മുഖ്യമന്ത്രിയും മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവുമായ പിണറായി വിജയൻ, സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, വിവിധ രാഷ്ട്രീയപാർട്ടി നേതാക്കൾ, മത നേതാക്കൾ, സംഘടനകളുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

***********************************

## കാട്ടാന - ആക്രമണം (ഇൻട്രോ)

കണ്ണൂർ ആറളം ഫാമിൽ കാട്ടാനകളുടെ അതിക്രമം വർദ്ധിക്കുന്നു. പൊതുജനങ്ങൾക്ക് യാത്രാ നിരോധനം ഉൾപ്പെടെയുള്ള നിയന്ത്രണം ഏർപ്പെടുത്താൻ തീരുമാനം.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

**(വോയ്സ്)**

***********************************

## ഡോക്ടർ ഹാരിസ്

തിരുവനന്തപുരം മെഡിക്കൽ കോളേജ് യൂറോളജി വിഭാഗം മേധാവി ഡോക്ടർ ഹാരിസിനെതിരെ സർക്കാർ എടുത്ത നടപടി തികച്ചും സ്വാഭാവികമെന്ന് മന്ത്രി വീണാ ജോർജ്. സർക്കാർ നിയോഗിച്ച വിദഗ്ധസമിതിയുടെ അന്വേഷണത്തിൽ സർവീസ് ചട്ട ലംഘനം ഉണ്ടായെന്നാണ് റിപ്പോർട്ട്. റിപ്പോർട്ടിൻറെ

RNU TVPM

അടിസ്ഥാനത്തിൽ നടപടി എടുക്കാതിരിക്കാനാവില്ലെന്നും മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞു. അതേസമയം റിപ്പോർട്ടിൽ എന്താണ് പറഞ്ഞിട്ടുള്ളതെന്ന് തനിക്ക് അറിയില്ലെന്നും റിപ്പോർട്ടിൻറെ പകർപ്പ് ലഭിച്ചിട്ടില്ലെന്നും ഡോക്ടർ ഹാരിസ് പ്രതികരിച്ചു.

************************************

## ക്രിക്കറ്റ്

ഓവൽ ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയുടെ ഒന്നാം ഇന്നിങ്സ് ബാറ്റിംഗ് ഇന്ന് പുനരാരംഭിക്കും. ആദ്യ ദിനം ആറ് വിക്കറ്റിന് 204 റൺസ് എന്ന നിലയിൽ ബാറ്റിംഗ് തകർച്ച നേരിട്ട ഇന്ത്യ, കരുതലോടെയാകും ഇന്ന് കളത്തിലിറങ്ങുക. പരമ്പരയിൽ ഇംഗ്ലണ്ട് 2-1 ന് മുന്നിലാണ്.

RNU TVPM

************************************

## ഓഹരി /സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 140 പോയിൻറ് താഴ്ന്ന് 81,045 ലും, നിഫ്റ്റി 46 പോയിൻറ് നഷ്ടത്തിൽ 24,715 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. സ്വർണം ഗ്രാമിന് 20 രൂപ കുറഞ്ഞ് 9,150 രൂപയും, പവന് 160 രൂപ കുറഞ്ഞ് 73,200 രൂപയുമാണ് ഇന്നത്തെ വില.

************************************

## ബോട്ട് തിരയിൽപ്പെട്ടു

കൊല്ലത്ത് നീണ്ടകരയിൽ മത്സ്യബന്ധനത്തിന് പോയ ബോട്ട് തിരയിൽപ്പെട്ട് പുലിമുട്ടിലേക്ക് ഇടിച്ചുകയറി മത്സ്യത്തൊഴിലാളികൾക്ക് പരിക്കേറ്റു. ബോട്ട് പൂർണമായും മുങ്ങിയെങ്കിലും ബോട്ടിലുണ്ടായിരുന്ന 12 പേരെയും രക്ഷപ്പെടുത്തി.

ട്രോളിങ്ങ് നിരോധനം ഇന്നലെ അർദ്ധരാത്രി അവസാനിച്ചെങ്കിലും കാലാവസ്ഥാ മുന്നറിയിപ്പുള്ളതിനാൽ മൽസ്യ തൊഴിലാളികൾ ജാഗ്രത പാലിക്കണമെന്ന് അധികൃതർ നിർദ്ദേശം നൽകി. കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്.

*********************************

## പുലി ആക്രമണം

തൃശൂർ അതിരപ്പള്ളി വീരാൻകൂടി ഉന്നതിയിൽ വീട്ടിൽ ഉറങ്ങിക്കിടന്ന നാലു വയസുകാരനെ പുലി ആക്രമിച്ചു. മുതുകിൽ ആഴത്തിൽ മുറിവേറ്റ കുട്ടിയെ ചാലക്കുടി ആശുപത്രിയിൽ നിന്നും തൃശൂർ മെഡിക്കൽ കോളേജിലേക്ക് മാറ്റി. തലച്ചോറിന് ക്ഷതം ഏറ്റിട്ടുണ്ടോ എന്നത് അടക്കമുള്ളവ പരിശോധിക്കും.

*********************************

## പ്രധാനമന്ത്രി - സ്വാതന്ത്ര്യദിനം

79-ാമത് സ്വാതന്ത്ര്യദിന പ്രസംഗത്തിൽ ഉൾപ്പെടുത്താൻ പൊതുജന ആശയങ്ങൾ ക്ഷണിച്ച് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി. ആശയങ്ങൾ MyGovലും നമോ ആപ്പ് ഓപ്പൺ ഫോറത്തിലും പങ്കിടാൻ പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

******************************************************************************************

*********************************************************************

RNU TVPM